# തെങ്ങിൻതൈ ഉൽപാദനം: ദേശീയ ശിൽപശാല സംഘടിപ്പിച്ചു

MADYAMAM

കാസർകോട്: കർഷകർക്ക് ആവശ്യമായത്രയും ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി ദേശീയ ശിൽപശാല കാസർകോട് സി.പി.സി.ആർ.ഐയിൽ സംഘടിപ്പിച്ചു.

ഇതിന് ദീർഘ, ഹ്രസ്വകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട സമീപനങ്ങളുടെ രൂപരേഖ തയാറാക്കി. തെങ്ങിൻതൈ ഉൽപാദനം വർധിപ്പിക്കുവാൻ കർഷക പങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകൃത പദ്ധതികൾക്ക് കൂടുതൽ പ്രോത്സാഹനം നൽകണം. കേര നഴ്സറികളിൽ ഗുണനിയന്ത്രണ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും തെങ്ങിന്റെ മെച്ചപ്പെട്ട ഇനങ്ങളുടെ കൃഷി വ്യാപിപ്പിക്കാൻ കേര ഗവേഷണ സ്ഥാപനങ്ങളും സർക്കാർ ഏജൻസികളും സ്വകാര്യ സംരംഭകരും കർഷക കൂട്ടായ്മകളും തമ്മിലുള്ള പരസ്പര സഹകരണം ശക്തിപ്പെടേണ്ടതുണ്ടെന്നും ശിൽപശാല അഭിപ്രായപ്പെട്ടു.

സി.പി.സി.ആർ.ഐ ഡയറക്ടർ ഡോ പി. ചൗഡപ്പ, എക്സി. ഡയറക്ടർ ഡോ. പി. രത്തിനം എന്നിവർ സംസാരിച്ചു.